# ഗവ: ഹയർസെക്കണ്ടറി സ്കൂൾ
# അവിടനല്ലൂർ

## ഇ മാഗസിൻ




Little Kites :LK/2018/47027

follow Govt. HSS Avitanallur

# സൂചിക

എന്നുടെ ആചാര്യൻ......5
മായാത്ത പുഞ്ചിരി......6
A TREE OF WISHES......9
മൃത്യുകുണ്ഡം......11
TajMahal......13
ചെങ്ങോടുമല......15
KNOWLEDGE IS POWER......18
ഒരു വയനാടൻ യാത്ര......21
PHYSICAL HEALTH AND PRESENT GENERATION......26
ചിത്രശേഖരം ......27
ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകൾ......28




നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ഈ വർഷത്തെ ഈമാഗസിൻ "ഡിജിറ്റ് " കുട്ടികളുടെ കലാ സാഹിത്യ പ്രവർത്തനങ്ങൾക്ക് മുതൽ ക്കൂട്ടാവുമെന്നതിൽ സംശയമില്ല . കുട്ടികളുടെ സർഗ്ഗ വാസനകൾ പരിപോഷിപ്പിക്കാൻ ഇത്തരം മാഗസിനുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ് . മാഗസിനും , അണിയറയിൽ പ്രവർത്തിച്ചവർക്കും ആശംസകൾ നേരുന്നു ...

**ദേവാനന്ദൻ ടി**

**ഹെഡ്മാസ്റ്റർ**

# എഡിറ്റോറിയൽ അംഗങ്ങൾ



പ്രമോദ് കുമാർ കെ ആർ
കൈറ്റ് മാസ്റ്റർ



നഫീസ എ കെ
കൈറ്റ് മിസ്ട്രസ്



സ്നേഹ എസ് ബിജു



ഹരിനന്ദന പി എം



ദേവതീർത്ഥ പി എൻ



ശിവപ്രിയ ആർ



അമൽ ഫായിസ്



ദേവനന്ദ എസ്

# കവിത

## എന്നുടെ ആചാര്യൻ

ഭൂമി യവനികേ നിന്നെ ഞാൻ വന്ദിപ്പൂ
ഈ കർമ്മദൃഢ യോദ്ധാവിനെ തന്നതിന്
പ്രപഞ്ചമഖിലസാഗരമാണെന്ന്
ചൊല്ലിപഠിപ്പിച്ച എന്നുടെ ഗുരു
ഭൂമിസൂര്യനെ വലങ്ങുകയാണെന്ന്
പ്രപഞ്ചം തിരിഞ്ഞുകൊണ്ടലയുകയെന്ന്
മൊട്ടിൽ നിന്ന് പുഷ്പം വിരിയുന്നെന്ന്
രാവിൽ പഠിപ്പിച്ച എന്റെ ആചാര്യൻ
എൻ ഗുരുവാണെൻ വിജ്ഞാനസാഗരം
എൻ ഗുരുവാണെൻ മാതാപിതാ ദൈവം
പുലരിയിൽ മന്ദംമന്ദം പുറം തലോടി
പ്രപഞ്ചമായാജാലം പഠിപ്പിച്ച ഗുരു
പ്രപഞ്ചം വെല്ലുന്ന വിജ്ഞാനസാഗരത്തിൻ
പ്രതീകമാണെൻ ആചാര്യൻ
രാവിൽ മിന്നികളിക്കുന്ന താരാജാലം പോൽ
തിളങ്ങുന്ന ഗുരുവിൻ മിഴികൾ

കൃഷ്ണവേണി --

# കഥ

## മായാത്ത പുഞ്ചിരി

അന്നും അയാൾ തന്റെ ക്യാമറകണ്ണുമായി നിരാശയോടെ വീട്ടിലെത്തി.ചെളി പുരണ്ട നിലം,ഒരു മഴ തിമിർത്തു പെയ്താൽ തകരാവുന്ന കൂര.ദാരിദ്ര്യം എണ്ണിപ്പറയുന്ന ഭാര്യയ്ക്കും ചെറിയമക്കൾക്കും മുൻപിൽ അയാൾ പക്ഷെ, തന്റെ നിരാശയെക്കുറിച്ചു പറഞ്ഞില്ല.ഒരു പെട്ടിമുറിയിലെ കണ്ണാടിയിൽ നോക്കി അയാൾ വഴക്കടിക്കുന്നുണ്ടായിരുന്നു. തന്റെ പഴയജീവിതത്തെ കുറിച്ച് അയാൾ ഓർത്തുനോക്കി ചെറുപ്പം മുതലേ ഈ ഫോട്ടോ എടുപ്പ് ജീവനായി കൊണ്ടുനടന്നു. വീട്ടുകാർ എതിർത്തു .മറ്റുജോലിക്കു പോവാണെന്നു പറഞ്ഞു തന്റെ ആഗ്രഹത്തെയും വ്യക്തിത്വത്തെയും നശിപ്പിച്ചുകൊണ്ട് ഒന്നും ചെയ്തില്ല എന്ന് പറഞ്ഞു ഒളിച്ചോടി . ജീവിക്കാനായി കുറച്ചു കാലം പത്രം വിറ്റ് നടന്നു.പ്രണയിച്ചു വിവാഹം ചെയ്തു .കുട്ടിന് ഭാര്യവീട്ടുകാരുമില്ല . സ്വന്തം വീട്ടുകാരുമില്ല.കഷ്ടിച്ചൊരു സ്റ്റുഡിയോയിൽ പണി നോക്കി . ഒരു പ്രൊഫഷണൽ ഫോട്ടോഗ്രാഫറാവാൻ ആഗ്രഹിച്ച അയാൾക്ക് പക്ഷെ അങ്ങനെ ആവാൻ സാധിച്ചില്ല. ഒരു അർദ്ധമയക്കത്തിൽനിന്ന് അയാൾ പെട്ടന്ന് ഞെട്ടിയുണർന്നു പുറത്തുനിന്നും ഭാര്യ പറഞ്ഞു " അയാൾ എന്ത് പറഞ്ഞു ? ഇറങ്ങി പോവാനോ അല്ലെങ്കിൽ നീ ഇവിടെ കൊള്ളില്ലേന്നോ "സ്ഥിരംകാഴ്ച ഭാര്യയ്ക്ക് മനസ്സിലായി നാപ്പത്താറാം വയസ്സായപ്പോൾഅയ്യാളെത്തന്നെ പഴിക്കാൻ തുടങ്ങി മക്കൾ വളരുകയാണ് എനിക്ക് പ്രായമേറി വരുന്നു ഇനിയുമെത്ര കാലം. ദിവസങ്ങൾ കഴിഞ്ഞുപോയി . ഒരു ദിവസം ഒരു നമ്പർ കാണിച്ചു കൊണ്ട് പറഞ്ഞു "ഇത് കണ്ടോ എന്റെ കൂടെ പഠിച്ച സുഹൃത്തു തന്ന നമ്പരാ ഒരു ഒരു ജോലി കിട്ടിയേക്കാം" നമ്പറിൽ വിളിച്ചു

നാളെ പോകാം എന്നയാൾ മറുപടി കൊടുത്തു .ഓഫീസിൽ എത്തി മുൻപ് എവിടെയും ഇതുപോലെ വർക്ക് ചെയ്തിട്ടില്ലെന്ന് പറഞ്ഞപ്പോൾ എന്നാൽ ശമ്പളവും കുറവായിരിക്കുമെന്ന് പറഞ്ഞു.പെർഫോമൻസ് പോലെയായിരിക്കും ശമ്പളം,തന്നെക്കാൾ നല്ലയാളെ എനിക്ക് വേറെകിട്ടും പിന്നെ സുമ പറഞ്ഞു അതുകൊണ്ടാ.അവളെന്റെ ബന്ധുവാ അയാൾ പറഞ്ഞു പേര് ചോദിച്ചപ്പോൾ ആ ഫോട്ടോഗ്രാഫർ പറഞ്ഞു "അലി "ശമ്പളം വലുതൊന്നുമല്ലെങ്കിലും തന്റെ പേര് അടിച്ചുവരുമ്പോൾ അയാൾ സന്തോഷിക്കുമായിരുന്നു.ഒരുനാൾ ജോലി കഴിഞ്ഞുവരുമ്പോൾ ഭാര്യ പറഞ്ഞു. "ലോൺ അടയ്ക്കാൻ അഞ്ചുദിവസം ബാക്കി ഉള്ളൂ രണ്ടരലക്ഷം പെരുകിയപ്പോൾ അഞ്ചുലക്ഷം രൂപയായി.ഇത്രയും പണം എങ്ങനെയുണ്ടാക്കുമെന്നയാൾ ചിന്തിച്ചു.ജോലി ഉപേക്ഷിച്ച് മറ്റ് പണി ചെയ്യാൻ ഭാര്യയുടെ സമ്മർദ്ദ വും, പക്ഷേ മനസ്സനുവദിച്ചില്ല.

അങ്ങനെ ചെയ്തില്ലെങ്കിൽ താനും മക്കളും വിഷം കുടിച്ച് ചാവുമെന്നും ഭാര്യ പറഞ്ഞു. അന്നയാൾ തീരുമാനിച്ചു.ഇനിയീ ക്യാമറയെന്തിന്? ഒരുപകാരവുമില്ലാതെ!അത് കളയാൻ അയാൾ തയ്യാറായില്ല. വേഗം ടൗണിലെ ഒരു ചേരിയ്ക്കു മുൻപിൽ ശാന്തമായ സ്ഥലത്തിരുന്ന് ജീവിതത്തെ കുറിച്ച് ചിന്തിച്ചു.അടുത്തുണ്ടായിരുന്ന പെട്ടിക്കടയിൽ നിന്ന് ചായയും ബിസ്ക്കറ്റും വാങ്ങി.ചായ ബസ്റ്റോപ്പിൽ വെച്ച്,ചേരിയിലേക്ക നോക്കി.ആ പട്ടിണിപ്പാവങ്ങളുടെ മുഖം അയാളുടെ മനസ്സില് പതിഞ്ഞു. നാളെ തനിക്കീ അവസ്ഥ വരുമെന്ന് ഭയന്ന് അയാൾ അങ്ങോട്ട് നോക്കിയില്ല.ഓരോ ചിന്ത മനസ്സിൽ നിറഞ്ഞപ്പോൾ അറിയാതെ കൈയ്യിലെ ബിസ്ക്കറ്റ് താഴെ വീണു.ആ ചേരിയിലെ ഒരു പാവപ്പെട്ട പെൺകുട്ടി അത് ആർത്തിയോടെ കഴിച്ചു .അവളുടെ മുഖത്തെ ആ നിഷ് കളങ്കമായ പുഞ്ചിരിയും കണ്ണുകളിലെ കണ്ണുനീർത്തുള്ളിയും അയാൾ

ക്യാമറയിൽ പകർത്തി.തന്റെ ജോലി അയാൾ ഉപേക്ഷിച്ചില്ല. ഈ ചിത്രം ആരോഗ്യ മാസിക ചീഫ് എഡിറ്ററെ കാണിച്ചു.അയാൾ പറഞ്ഞു "ഇത് കൊള്ളാം. 'HAPPINESS IS THE EASY WAY FOR BEING HEALTH' എന്നൊരു ഇംഗ്ലീഷ് ക്യാപ്ഷനും വെച്ച് ഫ്രണ്ട് പേജിൽ കൊടുത്താൽ സംഭവം പൊരിക്കും." അവസാനം അത് പ്രശസ്തമായി.അത് അലി എന്ന ഒരു സാധാരണ ഫോട്ടോഗ്രാഫർക്ക് ദേശീയ അവാർഡ് വാങ്ങിക്കൊടുത്തു.പ്രായമേറിയെങ്കിലും അലിക്കുള്ളിലെ ഫോട്ടോഗ്രാഫർക്ക് പതിനാറ് വയസ്സാണെന്ന് അനുമോദനചടങ്ങിൽ രാഷ്ട്രപതി അയാളെ പ്രശംസിച്ചു പറഞ്ഞു.തന്റെ സ്വപ്നം സാക്ഷാത്കരിച്ച് അയാൾ ഇപ്പോൾ കുടുംബവുമൊത്ത് ഒരു സാധാരണ ജീവിതം നയിക്കുന്നു.

ആവണി കെ

# POEM

## A TREE OF WISHES

I am a girl, who travelling
Through the darkness of world
I stepped one by one steps of
Human miseries and darkness of world
In the darkness I can see
The face of poor people and
Starving children's cry
I can't cover my ears , Every
Little sound of poor people
rushed in to my ear
They dreamed ,when they get
freedom from poverty
I wish to light a small
candle of kind there
I wish to stand them into
a beautiful  and wonderful life

But I can't do it alone

I'm a girl a little one among you

I have lot of wishes

whenever the world become together

I will make my wishes into a big true.

G.S Swathikrishna

# കവിത

## മൃത്യുകുണ്ഡം

ഗഗനാന്തരത്തിന്റെ ജീവിതപാതയിൽ

ഇരുളിൻ ചുഴികളിൽ പെട്ടുപോയിഞാൻ

തീവ്രമാം മോഹത്തിൻചൂളയിൽവെന്തുഞാൻ

ഈ ഭൂമിയോടുവിടചൊല്ലവേ

നീറുന്ന വ്യർഥമാം ഈ ശരീരം

പൃഥ്വിയിലർപ്പിച്ച ധൂമമായി തഴുകുന്നുഞാൻ

അന്തരംഗത്തിൽ അണയുന്ന അഗ്നിയായി

നീറുന്ന പുകയുന്ന എന്നോർമകൾ

ഭൂമിതൻ ഹൃദയത്തിൻ വേരുകളിൽ

എൻ ചിത നിശ്ശബ്ദമായി അവശേഷിപ്പൂ

നിദ്രതൻ യാമങ്ങളിൽ എൻ ആത്മാവു തേങ്ങുന്നു

ഞാനിനീ ഭൂമിയിൽ സ്പന്ദിക്കയില്ല

ഞാനിനി ഭൂമിയിൽ തേങ്ങുകയുമില്ലാ

ഞാനിനീ ഭൂമിയിൽ ശേഷിക്കയില്ല

കാലാന്തരത്തിന്റെ  ഇരുളിലുലയുന്ന

പുഞ്ചിരിമാത്രമാകുന്ന ഞാൻ

ഏതോ വിജനമാം പാതയിൽ

ലക്ഷ്യമറ്റ  ദൃഷ്ടിയിൽ പായുന്ന ഞാൻ

ഒടുവിലാ ആഴത്തിൻ  വേരുകളിൽ
എൻ പ്രാണൻ പിടയുന്നതോർക്ക.
മോഹം പടുക്കുന്ന ലോകമേ സ്മരണകൾ
മാത്രം ബാക്കി വച്ച് ഞാൻ മടങ്ങുന്നു
ഇനിയെൻ കാലൊച്ച കേൾക്കയില്ല
ഇനിയെൻ നാദം ശ്രവിക്കയില്ല
ഇനിയെൻ അക്ഷികൾ  നോക്കയില്ല
ഇനിയെൻ സ്മരണകൾ ജീവിക്കും
ഒരു മേഘ പാളിയെപ്പോൽ വിച്ഛേദിക്കയാണ് ഞാൻ
എങ്കിലും ഒരു ചാറ്റൽ മഴയായ് തഴുകുന്നു
ലയിച്ചുചേരുന്നു ഞാൻ
ആഗ്രഹിച്ചു ഞാൻ വരണ്ട ചുണ്ടിലെ പുഞ്ചിരിയാകുവാൻ
ആഗ്രഹിച്ചു ഞാൻ വേനലിൻ പൊടിയുന്ന മഴയാകുവാൻ
ആഗ്രഹിച്ചു ഞാൻ ശരത്കാലത്തിലെ ഇളംചൂടാകുവാൻ
പക്ഷെ എങ്കിലും നേരാണിത്  ഭൂമിതൻ
നിബന്ധനച്ചരടുകൾ എന്നെ പിടിച്ചുലച്ചു
പോകുന്നു ഞാൻ എൻ പാപപങ്കിലമാം
ഈ ശരീരത്തിൽനിന്ന്
വിടചൊല്ലുന്നു ഞാൻ കർമ്മദൃഢമാം
ഈ ഭൃമിയിൽ നിന്ന് .........................

ജി എസ് സ്വാതികൃഷ്ണ

# TajMahal

Taj Mahal is a beautiful poem by Rabindranath Tagore. This poem is taken from the Tagore's poem 'Shah Jahan'. In this poem Tagore speaks of the immortal creation, the Taj Mahal and the time less appeal of that great monument. The poet said that, Shah Jahan knew that ,the life, youth wealth renown disappear after his death . Shah Jahan's only dream was to preserve his heart pain . The hursh thunder of imperial power would fade away like the crimson splendor of sun . But shah jahan hoped that at least a single, eternally, heaved sigh would remain consoling sky. The glittering stone like emeralds, rubies and pearls also pass away like the glitter of rainbow tricking from empty air .But the white gleaming Taj Mahal will remain there like solitary tear would hang on the cheek time.

Power - splender ,sleep hope,air-tear are the rhyming words in thispoems"Likesunsetscrimsonssplender", stream,rubies, emeralds, pearls,sunsets,crimson splender,rainbow tricking out empty air ,Taj mahal are the visual image .Hursh thunder float away down the stream are the auditory image in the poem .Life wealth,youth,renown imperial power are the transience words in the poem. Dream and time are the eternity words in the poem. Taj Mahal is a very good poem. "Yet one solitary tear would

hang on the cheek of time in the form of this white and gleaming Taj Mahal is the line that I like most .I like this poem very much.

Sanjay P

# ലേഖനം

## ചെങ്ങോടുമല

നരയംകുളം,മൂലാട്,കൂട്ടാലിട,പുളിയോട്ടുമുക്ക്,അവിടനല്ലൂർ,കോളിക്കടവ് എന്നീ പ്രദേശങ്ങളിലൂടെ കടന്ന് പോകുന്ന മലയാണ് ചെങ്ങോട്.ഓരോ കുന്നും മലയും ശുദ്ധജലത്തിന്റെ സംഭരണ കേന്ദ്രങ്ങലാണ്.ചെങ്ങോട് മലയിലും അതിന് ചുറ്റിലും താമസിക്കുന്ന മുഴുവൻ പേരുടേയും കുടിവെള്ള പദ്ധതിയുടെ കിണർ ഈ മലയിലാണ് സ്ഥിതി ചെയ്യുന്നത്. താഴ്‌വാരത്തിലെ കിണറിലെയും തോട്ടിലെയും വെള്ളം ഈ മലയിൽ നിന്ന് കവിഞ്ഞൊഴുകുന്ന ശുദ്ധജലമാണ് . ആയിരക്കണക്കിന് മനുഷ്യരും മറ്റ് ജന്തുജാലങ്ങളും ഇതിനെയാണ് കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.ഈ മലയ്ക്ക് ഏൽക്കുന്ന ചെറിയ ആഘാതം പോലും നമ്മുടെ ജീവിതത്തെ ഗുരുതരമായി ബാധിക്കും .നാടിനെ കത്തുന്ന ചൂടിൽ നിന്നും കൊടും വരൾച്ചയിൽ നിന്നും രക്ഷിക്കുന്നതിനും ചെങ്ങോടുമലയുടെ നിലനില്പ് അനിവാര്യമാണ്.മഴയും മണ്ണും വെയിലും അടങ്ങുന്ന ഋതുഭേദങ്ങൾക്കനുസൃതമായി തയ്യാറാക്കപ്പെട്ടതാണ് നമ്മുടെ ജീവിതം.ആ ഋതുഭേദത്തെ സംരക്ഷിക്കുന്നതിൽ ഈ മലയ്ക്ക് വലിയ പങ്കുണ്ട്.മാർച്ച് ആരംഭിക്കുന്നതിനു മുമ്പേ കേരളം വെന്തുരുകുകയാണ്.ചൂടുകാറ്റും ഉഷ്ണതരംഗവും ഇപ്പോൾ നാം നേരിടാൻ പോകുന്ന വിപത്തുകളാണ്.ഈ മലയുടെ തകർച്ച സ്ഥിതിഗതികൾ കൂടുതൽരൂക്ഷമാവുമെന്ന് തീർച്ചയാണ്.നമ്മളെ സംരക്ഷിക്കുന്ന ഈ മലയെ നമുക്കെന്തുകൊണ്ട് സംരക്ഷിച്ചുകൂടാ.ഇതൊരു വലിയ ചോദ്യചിഹ്നമായി അവശേഷിക്കുന്നു. കാരണം ഈ മലയെ ഒരു വലിയ ക്വാറി മാഫിയ

കൈയ്യേറിയിരിക്കുന്നു.കോടികൾ വാരിവിതറി ഈ മലയുടെ 110 ഏക്കറോളമാണ് കൈയ്യേറിയത്.പരിസ്ഥിതി ലോലപ്രദേശമായ ചെങ്ങോടിൽ ക്വാറി തുടങ്ങിയാൽ ചെങ്ങോടിലും അതിന്റെ ചുറ്റിലും താമസിക്കുന്ന ആയിരക്കണക്കിന് മനുഷ്യരുടേയും മറ്റ് ജന്തുജാലങ്ങളുടേയും ജീവന് ഇതൊരു ഭീഷണിയാണ്.ഈ നാടിന്റെ നിലനില്പ് ഇപ്പോൾ ഈ മലയാണ്.അത് തകരരുത്. അതുകൊണ്ട് തന്നെ ഈ ഗ്രാമവാസികൾ ഡൽറ്റ ക്വാറി മാഫിയയ്ക്കെതിരെ ശക്തമായ സമരത്തിനിറങ്ങുകയാണ്.

ഉദ്യോഗസ്ഥരെ അവർ പണത്തിന് മുന്നിൽ കീഴ്പ്പെടുത്തി അവർക്ക് വേണ്ടതെല്ലാം നേടി.ചില ഗ്രാമവാസികൾക്കും അവർ വിലയിട്ടു. ഇങ്ങനെയുള്ള ചതി പ്രയോഗങ്ങളിലൂടെ അവർ ഞങ്ങളെ തോൽപ്പിച്ചു കൊണ്ടേയിരുന്നു.

എങ്കിലും പണത്തിനു മുന്നിൽ മുട്ടുമടക്കാത്ത ഒരു പറ്റം ജനത ഈ മണ്ണിലുള്ളതിനാൽ ഈ മണ്ണിന് വേണ്ടി ജീവിക്കുന്നതിനാൽ ,ഈ മലയെ സ്നേഹിക്കുന്നതിനാൽ ഇപ്പോഴും ഈ മാഫിയയ്ക്കെതിരെ സമരം നടന്നുകൊണ്ടിരിക്കുന്നു.ഈ മലയിൽ നിരവധി സസ്യജന്തുജാലങ്ങൾ ഉണ്ട്.പല വർണ്ണത്തിലുള്ള പൂമ്പാറ്റ ,മാൻ,പന്നി,മയിൽ ഇങ്ങനെ നിറഞ്ഞിരിക്കുന്നു.ഈ മലയിൽ ക്വാറി ഖനനം നടന്നാൽ 4-5 കിലോമീറ്റർ ചുറ്റളവിൽ പൊടി പടലങ്ങളുണ്ടാവും.നിരന്തരമായി പൊടി ശ്വസിക്കുന്നതുകൊണ്ട് ചുമ,അലർജി,ശ്വാസംമുട്ടൽ,ആസ്ത്മ,ബ്രോങ്കൈറ്റിസ്,സിലികോസിസ്,ടിബി,ശ്വാസകോശാർബുദം,നേത്രരോഗങ്ങൾ ,ചർമ്മരോഗങ്ങൾ തുടങ്ങിയ രോഗാവസ്ഥകളിലേക്കാണ് നമ്മെ കൊണ്ട് ചെന്നെത്തിക്കുക.പാറഖനനത്തിന് ഉപയോഗിക്കുന്ന രാസ വസ്തുക്കളും വെടി മരുന്നും മറ്റും കുടിവെള്ള ശ്രോതസ്സുകളിൽ കലരുകയും ഇതു

മൂലമുണ്ടാകുന്ന മറ്റ് രോഗ സാധ്യതകൾ നിലനിൽക്കുന്നുണ്ട്.നമുക്ക് ദോഷം ചെയ്യുന്ന ഈ മാഫിയയ്ക്കെതിരെ നാം പോരാടണം.ചെങ്ങോടിനെ സംരക്ഷിക്കണം.വരും തലമുറ അറിയണം ഇങ്ങനെയൊരു മല ഇവിടെ ഉണ്ടായിരുന്നുവെന്ന്.

**ആദിത്യൻ പി എസ്**

# KNOWLEDGE IS POWER

The English philosopher essayist Francis Bacon,rightly said,"Knowledge itself is power" .Knowledge and power go together .You cannot think of power without knowledge. He who increases knowledge increases power. It is only instrument of production and success which is not subject to diminishing returns on the other hand ignorance is a curse and darkness .It brings superstitions,defeat ,decadence,failures and frustration in its wake .Knowledge is enlightenment and light..It is freedom ,liberation and realization only a knowledgable person can think big and high for him nothing is impossible ,no obstacle is great or insurmountable.

Knowledge makes you brave ,bold dashing and commanding .All great , succesful and eminent persons in the history of the world have been very powerful. They have been so because they possessed the inexhaustible treasure of knowledge .There is no power so strong as knowledge and a person armed with knowledge and power cannot be stopped from achieving success and crowing glory in life for him even the sky is not the limit .Knowledge lends self confidence,perseverance ,hope,courage to face challenges steadfastness and dedication to a purpose. God is God only because he is all knowledge .Knowledge reigns supreme and unchallenged.

It is knowledge which lends power to man to control and rule over forces of nature. Today the countries have come much closer to one another and the world has become a global village because of power of knowledge. Time and space have shrunk and distances have been conquered because of the long and rapid strides of knowledge .Science ,technology ,success advancement etc are the other names and terms of knowledge in the pre historic post man was ignorant,weak ,helpless and puny. He lived in caves and jungles and suffered from many fatal diseases .He was never sure of food ,security,shelter and safety because he had no knowledge. He was at the mercy of the forces of nature and wild animals. Gradually he exercised his brains acquired knowledge and today he is the most powerful creature .He is the master of all that he surveys.

The moon is not beyond his reach nor the knowledge of the sun,the planets ,stars,and galaxies .He is ready to set his foot on the mars.

The history of human progress civilization and evolution has been actually the history of advancement of knowledge .Ever since the drawn of civilization and history .It is the brain which has been more powerful than anything else. Knowledge rules supreme .The pen has been mightier than the sword. Behind the power of kings and emperors was the brain of the learned men. It was Chanakya who guided the densting

of Mourya empire. History is the witness of the success ,survival and victory of the races who were really intellectual and therefore ,powerful.

Mao Tse Tung was wrong when he said that power grows on the barrel of a gun. He forgot the age old and time tested saying that those who live by the sword will perish by the sword. A sword mere physical and material power. It is the brain or mind which is more important than matter mind has always ruled or matter and will continue to do so forever. The achievement of mind have always been marvelous .They have been eternal without limits of time and space.

Behind all genuine and lasting power is knowledge. Genuine power is that which springs from knowledge and wisdom and like a bubble in the water of eternity .Knowledge is indeed power,it reigns supreme.

ഋതുവർണ രാജേഷ്

# യാത്രാവിവരണം

## ഒരു വയനാടൻ യാത്ര

യാത്ര കേവലം കാഴ്ച്ചയുടെ അനുഭവം മാത്രമല്ല. അത് ദൂരദേശത്തിൽ കഴിയുന്ന ആളുകളുമായി ബന്ധപ്പെടുവാനും അവരുടെ ജീവിതരീതി,തൊഴിൽ എന്നിവ അറിയാനും അവരോട് ആശയവിനിമയം നടത്താനുമുള്ള ഒരു ഉപായം കൂടിയാണ്.ഈ യാത്രാ വിവരണത്തിൽ പരാമർശിക്കുന്നത് എന്റെ വയനാടൻ യാത്രാ വിവരണത്തെ പറ്റിയാണ്. കൃത്യമായി ഓർമ്മയില്ല പക്ഷെ എനിക്ക് തോന്നുന്നത് 2018 ജനുവരി 13 നാണ് ഞങ്ങളെല്ലാം വയനാട്ടിലേക്ക് യാത്ര പുറപ്പെടുന്നത്.ഞങ്ങളെന്നുവെച്ചാൽ ഓറിയോൺ ടൂറിങ് ക്ലബ്ബ് അംഗങ്ങൾ രണ്ടു പകലും ഒരു രാത്രിയുമുള്ളതാണ് ഞങ്ങളുടെ വയനാടൻ യാത്ര.വയനാട്ടിൽ ഞാൻ പലതവണ പോയിട്ടുണ്ടെങ്കിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലൊന്നും കാര്യമായ് സന്ദർശിച്ചിട്ടില്ല. അവയ്ക്ക് ഒരു അവസരമായ് എന്റെ യാത്ര മാറി. അതിരാവിലെ കുളിച്ചൊരുങ്ങി ആറുമണിക്ക് ഞങ്ങളെല്ലാവരും കൂട്ടാലിടയിൽ എത്തിച്ചേർന്നു.അതിനുശേഷം ഒരു ആറരയ്ക്കു വയനാട്ടിലേക്കുള്ള യാത്ര തിരിച്ചു.കുറേ ദൂരം സഞ്ചരിച്ച് ഒരിടത്ത് എത്തിയപ്പോൾ വയനാട്ടിലെ അദ്ഭുത കാഴ്ച്ചകളിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഒരു ചായ കുടിക്കാൻ തീരുമാനിച്ചു.വൈറ്റ് ഹൗസിൽ കയറി ചായ കുടിച്ചു ഒപ്പം കടിയുമുണ്ടായിരുന്നു.അവിടെ നിന്നും വേഗം യാത്രതിരിച്ചു.തികച്ചും വ്യത്യസ്തമായിരുന്നു പിന്നീടുള്ള യാത്ര. അത് താമരശ്ശേരി ചുരത്തിലൂടെയുള്ള നീണ്ട മനോഹരമായ യാത്രയായിരുന്നു.ഓരോ വളവും ബസ്സിലൂടെ പിന്നിടുമ്പോൾ അവിടയുണ്ടായിരുന്ന കാഴ്ച്ചകളെ ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു.ഏത് വളവിലാണ് ബസ്സ് ഒതുക്കി കാഴ്ച്ചകൾ കണ്ട് രസിക്കാൻ

പുറത്തേക്ക് ഇറങ്ങിയതെന്ന് കൃത്യമായ് ഓർമ്മയില്ല. ഒരുവശത്ത് നിന്ന് ആ കാഴ്ച്ചകൾ കണ്ടു രസിക്കാൻ പുറത്തേക്ക് ഇറങ്ങിയത് കൃത്യമായ് ഓർമ്മയില്ല ഒരുവശത്തുനിന്ന് ആ കാഴ്ച്ചകൾ കണ്ടു രസിക്കുമ്പോൾ നല്ല സന്തോഷമായിരുന്നു എന്റെ മനസ്സില്. കാലുതെറ്റിയാൽ വെലിയ കാടുകളിലേക്ക് വീഴുന്നത് കൊണ്ട് വളരെ സൂക്ഷിച്ചാണ് നിന്നത് പിന്നെയും യാത്ര തുടർന്നു അങ്ങനെ കാഴ്ച്ച കണ്ടു കൊണ്ടിരിക്കെ പെട്ടെന്ന് ഒരു വശം നിറയെ മരങ്ങളും വള്ളികളും കൊണ്ട് നിറഞ്ഞു.എല്ലാം എത്ര മനോഹരം! ഒരു പത്തു,പതിനൊന്ന് മണിയായപ്പോഴേക്കും,പാട്ടും അതിനൊത്ത നൃത്തച്ചുവടുകളുമായി ആണ് ഞങ്ങൾ വയനാട്ടിലേക്ക് പ്രവേശിച്ചത്.യാത്രാക്യാപ്റ്റൻ സ്ഥലങ്ങൾ സന്ദർശിക്കാൻ ഒരു നിശ്ചിത സമയം അനുവദിച്ചിരിന്നു.ആദ്യം പൂക്കോട് തടാകമായിരുന്നു സന്ദർശകസ്ഥലം.അവിടെ ഞങ്ങൾ പോയത് കൊണ്ട് ആ സ്ഥലം എനിക്ക് പരിചിതമായിരുന്നു.കുറച്ച് സമയം അവിടെ ചെലവഴിച്ചതിന് ശേഷം ഞങ്ങൾ അടുത്ത സ്ഥലത്തേക്ക് പാലായനം ചെയ്തു.അടുത്തത് കാരാപ്പുഴ ഡാമായിരുന്നു.

അവിടെനിന്നു ബോട്ട് യാത്ര ചെയ്തു അതു വളരെനല്ലതായ്ത്തോന്നി.ഒരു ഭാഗത്ത് നിറയെ പൂക്കൾ അവ ഞാൻ നിരീക്ഷിച്ചുകൊണ്ടിരുന്നു. അവിടെ ഞങ്ങൾ കുറേ സമയം ചെലവഴിച്ചു.അവിടെ നിന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചു പിന്നെ ഞങ്ങൾ മീൻമുട്ടി വെള്ളച്ചാട്ടത്തിൽ കാലുകൾ മുക്കി കളിച്ചു.പിന്നെ അവിടെ നിന്നുള്ള യാത്ര വയനാട്ടിലെ വലിയ ജലസംഭരണിയായ ബാണാസുരസാഗർ ഡാമിലേക്കായിരുന്നു അവിടെ കുറച്ച് നടന്നതിന് ശേഷമാണ് എത്തിച്ചേർന്നത് .ബോട്ട് യാത്ര ആസ്വദിക്കാൻ കഴിഞ്ഞില്ല എന്തോ കാരണത്താൽ അത് നിഷേധിക്കപ്പെട്ടു.നീണ്ട ആ ഡാം ഞാൻ നോക്കികൊണ്ടേയിരുന്നു .കുറേ പടങ്ങൾ ക്യാമറയിലേക്ക് പകർത്തി.പിന്നെ കുറച്ച് നടന്നപ്പോൾ ഒരു ചെറിയ ഉദ്യാനം

ഞാൻ കണ്ടു അത് വളരെ ചെറുതായിരുന്നു.ഇവിടെ എന്നെആകർഷിച്ചത് ബാണാസുരസാഗർ ഡാംഎന്നജലസംഭരണിയല്ല,അതിനപ്പുറം ഊഞ്ഞാലുകളുടെ ഒരു ഉദ്യാനമായിരുന്നു. എത്ര ഊഞ്ഞാലുകളാണെന്ന് എണ്ണിനോക്കാൻ കഴിയുമായിരുന്നില്ല.ഓരോ ഊഞ്ഞാലും കുട്ടികളെക്കൊണ്ട് നിറഞ്ഞിരുന്നു.എന്നിരുന്നാലും നാലോ അഞ്ചോ എണ്ണത്തില് ഞാനാടി.അവിടെനിന്നും കുറെ സോളാർ പ്ളാന്റുകളുള്ള സ്ഥലത്തേക്ക്...പിന്നെ ബസ്സിലേക്ക്...അന്നത്തെ യാത്ര അതോടെ സമാപിച്ചു.

ലോഡ്ജിൽ കിടന്നുറങ്ങി നേരം വെളുപ്പിച്ചു. ചായ കഴിച്ച് യാത്ര പുനരാരംഭിച്ചു. ആദ്യം ഒരു ഉദ്യാനത്തിലേക്കായിരുന്നു. പേര് ഓർമ്മയില്ല. പൂക്കൾ കൊണ്ട് നിറഞ്ഞ ഉദ്യാനം.അവിടെ നിന്ന് കുറച്ചു ദൂരം നടന്നു ചെന്നു നോക്കിയാൽ ബാണാസുരസാഗർ ഡാം കാണാമായിരുന്നു.അവിടന്ന് തിരിച്ചത് ഞാൻ വയനാട്ടിൽ പോകുമ്പോൾ കാണണമെന്നാഗ്രഹിച്ച ഇടയ്ക്കൽ ഗുഹയാണ്.അവിടത്തെ കുന്ന് കയറുകയായിരുന്നു എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും ദുഷ്കരം.എന്നാലും എന്റെ ഉള്ളിൽ ഞാൻ ഇടയ്ക്കൽ ഗുഹ സന്ദർശിക്കുമെന്ന ലക്ഷ്യമുണ്ടായിരുന്നു.കിതച്ചുകൊണ്ടാണെങ്കിലും ഞാൻ ആ വലിയ കുന്ന് കയറുവാൻ തുടങ്ങി. ഏട്ടനും ഞാനും കൂടി കുറച്ച് ഓടാൻ ശ്രമിച്ചു.പക്ഷെ അത് നിലനിന്നില്ല. ഞാൻ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു.അവിടത്തെ ഒരു പ്രധാന കാഴ്ചയായിരുന്നു "കുരങ്ങൻമാരും ഭക്ഷണവും" കുരങ്ങൻമാർആളുകളിൽ നിന്ന് ഐസ്ക്രീം,പഴങ്ങൾ,മിഠായികൾ,എന്നി തട്ടിപ്പറിച്ചോടുന്ന കാഴ്ചകൾ.അങ്ങനെ അവസാനം കുന്ന് കഴിഞ്ഞ് പടികൾ കയറാൻ തുടങ്ങി.പിന്നെ കല്ലുകൾക്കിടയിലൂടെ നൂണ്ട് കയറിയും ചാടിക്കടന്നും നടന്നു നീങ്ങി.ആളുകളുടെ തിരക്കായിരുന്നു ഇഴഞ്ഞുനീങ്ങാനുള്ള പ്രധാന കാരണം.

പിന്നെ കുത്തനെയുള്ള സ്റ്റെപ്പുകളിലൂടെയായിരുന്നു യാത്ര. ഞങ്ങളുടെ കൂട്ടത്തിൽ കുറച്ചുപേർ യാത്ര അവസാനിപ്പിച്ചു.എന്റെ യാത്രയും പാതിവഴിയിൽ ഉപേക്ഷിക്കുമെന്ന മട്ടിലെത്തി.കാരണം അമ്മയ്ക്ക് തല കറങ്ങുന്നുണ്ടായിരുന്നു. എന്നാലും കാണാനുള്ള ആഗ്രഹം കൊണ്ട് മുന്നേറി.അങ്ങനെ അവസാനം ഇടയ്ക്കൽ ഗുഹയെന്ന അത്ഭുതം ഞാൻ നേരിട്ട് ദർശിച്ചു. കുറേ ചിത്രങ്ങൾ ഞാൻ കണ്ടു.അവ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. പക്ഷേ പ്രാചീന മനുഷ്യന്റെ ശേഷിപ്പുകളാണ് എന്ന് എനിയ്ക്ക് മനസ്സിലാക്കാൻ സാധിച്ച ു.ചിത്രങ്ങൾ ഫോണിലേയ്ക്ക് പകർത്താം .ഇവിടെ ഈ പ്രാചിന മനുഷ്യന്റെ ശേഷിപ്പ ുകൾ കാണാൻ ആയിരങ്ങൾ ഒഴുകി വരുന്നതുകണ്ട് ഞാൻ അദ്ഭുതപ്പെട്ടു നിന്നുപോയി.ഏകദേശം സമയം നാലുമണിയായിക്കാണണം.പൂക്കളുടെ ഉത്സവ കേന്ദ്രമായ അമ്പലവയൽ മൈതാനത്തേക്കുള്ള യാത്ര.അവിടെ പുഷ്പമേളയായിരുന്നു.

വള്ളികളിൽ തൂങ്ങിയാടുന്ന പൂക്കൾ.പൂക്കൾ കൊണ്ട് നിർമിച്ച വിവിധ രൂപങ്ങൾ.എത്രയോ പൂക്കൾ.പലനിറം,പലമണം.പൂക്കളെ ആസ്വദിക്കാൻ ഇതിലും നല്ലൊരു അവസരം വേറെയില്ലായിരുന്നു.എനിയ്ക്ക് എല്ലാ പൂക്കളുടേയും പേര് ഓർമ്മയില്ല എന്നാലും ആ പൂക്കളുടെ ഭംഗി ഏതൊരാളെയും വശികരിക്കുന്നതായിരുന്നു. ഞങ്ങളവിടുന്നൊരു ഫേഷൻഫ്രൂട്ട് തൈ വാങ്ങി.ഇപ്പോഴവ എന്റെ വീട്ടിൽ സമൃദ്ധമായി വളരുന്നു. അവിടുന്നൊരു ഐസ്ക്രീം രുചിച്ചു.എന്റെ ഫേവറേറ്റ് ഫ്ലേവർ സ്റ്റോബറി.അങ്ങനെ പൂക്കളുമൊത്തുള്ള ഫോട്ടോകളെടുത്തു .അവയെ സ്പർശിച്ചു.പറിയ്ക്കണം എന്നുണ്ടായിരുന്നു.പറിച്ചാൽ 500 രൂപ ഫൈൻ ,അത് വേണ്ട എന്നു കരുതി മുന്നോട്ടു നീങ്ങി.പൂക്കളുടെ പൂപ്പാലികയെ ഞാൻ കണ്ടു.കേരളത്തിൽ സമൃദ്ധമായി

വളരുന്ന പൂക്കൾ ഇനിയും നിലനിൽക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.ഞാൻ വീട്ടിലേക്കുള്ള യാത്രയിൽ കണ്ട കാഴ്ചകളെപ്പറ്റി ഓർത്തുനോക്കി.എത്ര മനോഹരം.എത്ര സുന്ദരം.എനിയ്ക്ക് മടങ്ങാൻ ഇഷ്ടമില്ലായിരുന്നു.കാരണം ഇനിയ ും പല ദേശത്തും പല ഭാഷയും പല സംസ്കാരവും പല തൊഴിലുകളും പല വേഷങ്ങളുമുള്ള ആളുകളെ പരിചയപ്പെടാൻ ഞാനാഗ്രഹിക്കുന്നു.ഇനിയും എനിയ്ക്ക് സന്തോഷവും അനുഭൂതിയും ആവേശവും തരുന്നൊരു യാത്ര ഈ ജീവിതയാത്രയിൽ ഉണ്ടാവട്ടെയെന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.അതിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുന്നു.

സ്വാതി ലക്ഷ്മി എം

# PHYSICAL HEALTH AND PRESENT GENERATION

The world is developing day by day along with it we are depressing in the case of physical fitness. The developing technology is one of major source for it, the mobiles and media's attract us and we melt in its world and didn't give importance to physical exercise. The media's takes us up in the case of mental health but it still takes us down in physical health. Not only media's but also parents and society are important factors to make us down they only give importance in the case of education not promote playing or participating in physical activities it freeze our talents and make us familiar with our surroundings so we become completely nothing in physical strength.


We knows physical strength led a brighter way for a healthful life .As it not assure that we will cause life style diseases and take over our life's all beauty and wealth and frequently surrender to death.

So to avoid this like a horribility we must wants to maintain physical health by physical exercise and participating in physical activities so only by this we can led a brighter and healthful tomorrow so be healthy and live safely.

Sreehari.s

# ചിത്രശേഖരം ........





# ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകൾ

